"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന -കളമശ്ശേരി നഗരസഭയിലെ സെക്ഷൻ ക്ലർക്ക്, ശ്രീമതി. ലൈല.പി.എ.യ്ക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2085/2023/LSGD തീയതി,തിരുവനന്തപുരം, 25-10-2023

---

പരാമർശം:-
1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 08.05.2018 തീയതിയിലെ ഇ9(പി.ഇ.25/2017/സി.ആർ.ഇ) 10770/18 നമ്പർ കത്ത്
2. 26.07.2018 തീയതിയിലെ ഇയു2-281/2018-തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ/പത്രിക
3. നഗരകാര്യ ഡയറക്ടറുടെ 13.03.2020തീയതിയിലെ വി3 -18828/18 നമ്പർ കത്ത്.

**ഉത്തരവ്**

കളമശ്ശേരി നഗരസഭാ ഉദ്യോഗസ്ഥർക്കെതിരേ ശ്രീമതി. മേരി ജോസഫ് എന്നയാൾ വിജിലൻസിൽ സമർപ്പിച്ച പരാതിയിൽ വിജിലൻസ് ആന്റ് അന്റി കറപ്ഷൻ ബ്യൂറോ നടത്തിയ അന്വേഷണത്തിൽ കളമശ്ശേരി നഗരസഭയിൽ അനധികൃതനിർമ്മാണത്തിനെതിരായി മേരി ജോസഫ് സമർപ്പിച്ച പരാതിയിൽ തുടർനടപടി സ്വീകരിക്കുന്നതിൽ നഗരസഭാഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും വീഴ്ച വന്നതായി കണ്ടെത്തിയിരുന്നു. ആയതിന്റെയടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശചെയ്തതനുസരിച്ച് ആയതിന് ഉത്തരവാദിയായ ടി നഗരസഭയിലെ സെക്ഷൻ ക്ലർക്ക്, ശ്രീമതി. ലൈല പി.എ. ക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം 2 പ്രകാരം കുറ്റാരോപണമെമ്മോ/പത്രിക നൽകിയിരുന്നു.

2. കുറ്റാരോപണമെമ്മോ/പത്രിക-യ്ക്ക് ശ്രീമതി. ലൈല സമർപ്പിച്ച മറുപടി പ്രകാരം ടിയാൾ കളമശ്ശേരി നഗരസഭയിൽ റ്റിപി2 സെക്ഷനിൽ 01.06.2015ലാണ് ക്ലർക്കായി സേവനത്തിൽ പ്രവേശിച്ചത് എന്നും ടി കാലയളവിൽ റ്റിപി 1 സെക്ഷനിൽ ക്ലർക്കായി സേവനമനുഷ്ഠിച്ചിരുന്നത് ശ്രീമതി. സതി വി ആണെന്നും ടിയാൾക്ക് സ്ഥലംമാറ്റം ലഭിച്ച് കളമശ്ശേരി നഗരസഭയിൽനിന്ന് വിടുതൽ ചെയ്തതിനെത്തുടർന്ന് 02.05.2017ൽ റ്റിപി 1 സെക്ഷന്റെ അധികചുമതലകൂടി ടിയാൾക്ക് നൽകിയിട്ടുള്ളതാണെന്നും കുറ്റാരോപണമെമ്മോയിൽപ്പറയുന്ന പരാതിയുമായി ബന്ധപ്പെട്ട ഫയൽ ഓവർസീയർക്ക് നൽകുകയും ആയത് 12.06.2017ൽ ലീഗൽ ഒപ്പീനിയന് വേണ്ടി മുനിസിപ്പൽ എഞ്ചിനീയർ നഗരസഭാസെക്രട്ടറിക്കു സമർപ്പിക്കുകയും ആയത് ഉത്തരവായിട്ടുള്ളതും 24.07.2017 ന് സ്റ്റാൻഡിംഗ് കൗൺസിൽ ലീഗൻ ഒപ്പീനിയൻ തയ്യാറാക്കി

നൽകിയിട്ടുള്ളതും അന്നേ ദിവസം തന്നെ ഫയൽ ഓവർസീയർക്ക് സമർപ്പിക്കുകയും 22.08.2017ന് ഓവർസീയർ ഫയൽ മുനിസിപ്പൽ എഞ്ചിനീയർക്ക് സമർപ്പിക്കുകയും 23.08.2017ന് മുനിസിപ്പൽ എഞ്ചിനീയർ ഫയൽ സെക്ഷനിൽ നൽകുകയും ആയത് നഗരസഭാസെക്രട്ടറിക്ക് സമർപ്പിക്കുകയും കെ.എം.ബി.ആറിന് വിധേയമായാണോ പെർമിറ്റ് നൽകിയതെന്ന് പരിശോധിച്ച് സമർപ്പിക്കുന്നതിന് സെക്രട്ടറി ഫയൽ മടക്കി നൽകിയിട്ടുള്ളതാണെന്നും നഗരസഭ സ്റ്റാൻഡിംഗ് കൗൺസലിന്റെ 22.07.2017ലെ നിയമോപദേശത്തിന്റെയടിസ്ഥാനത്തിൽ കെട്ടിടത്തിന് 05.12.2017ൽ ഒക്യുപ്പെൻസി സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതാണെന്നും ടിയാരിയുടെ മറുപടിയിൽ പറയുന്നു. റ്റിപി2 സെക്ഷന്റെ ചുമതലകൾക്ക് പുറമേയാണ് റ്റിപി 1 സെക്ഷന്റെ അധികച്ചുമതലകൂടി നൽകിയതെന്നും മേലുദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം പ്രവർത്തികൾ സമയബന്ധിതമായി നിർവ്വഹിച്ചിട്ടുള്ളതാണെന്നും മനപൂർവ്വമായി വീഴ്ചകൾ വരുത്തിയിട്ടില്ലായെന്നും ആയതിനാൽ മനപൂർവ്വമല്ലാതെ സംഭവിച്ച വീഴ്ച മാപ്പാക്കി തുടർനടപടികളിൽ നിന്ന് ഒഴിവാക്കണമെന്ന് ശ്രീമതി. ലൈല അപേക്ഷിച്ചിരുന്നു.

3. ഇക്കാര്യത്തിൽ കൊച്ചി മേഖലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ നഗരകാര്യഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ശ്രീമതി.മേരി ജോസഫിന്റെ അമ്മയുടെ ഓഹരിയായി ലഭിച്ച തൃക്കാക്കര നോർത്ത് വില്ലേജിലെ റീ സർവ്വേ നമ്പർ 127/7 ൽ ഉൾപ്പെട്ട രണ്ട് സെന്റ് സ്ഥലം വട്ടേക്കുന്നം ഓടിപ്പാട്ടിൽ ശ്രീ. ഇബ്രാഹിമിന്റെ മകളായ ശ്രീമതി. സുഹറ അനധികൃതമായി കൈവശപ്പെടുത്തി കരമടച്ച് വരികയാണെന്നും ടി വിഷയത്തിൽ എറണാകുളം മുനിസിഫ് കോടതിയിൽ ഒഎസ് നം. 567/2000 ആയി കേസ് നിലവിലുള്ളതാണ്.മേൽ തർക്കസ്ഥലത്തെ കേസ് തീർപ്പാക്കും വരെ നിർമ്മാണപ്രവർത്തനങ്ങൾ നടത്തരുതെന്ന ബഹു.ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിന് വിരുദ്ധമായി ശ്രീമതി. സുഹറ നിർമ്മാണപ്രവർത്തനങ്ങൾ നടത്തിവരികയാണെന്നും ടി നിർമ്മാണത്തിനെതിരായി മുനിസിപ്പൽ അധികാരികൾക്ക് പരാതി നൽകിയതിനെത്തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുന്നതിന് നോട്ടീസ് നൽകിയെങ്കിലും തർക്കസ്ഥലത്ത് നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരികയാണെന്നും ശ്രീമതി. മേരി ജോസഫ് വിജിലൻസിൽ പരാതി സമർപ്പിച്ചിരുന്നു. പ്രസ്തുത പരാതിയിൽ വിജിലൻസ് ആന്റ് അന്റി കറപ്ഷൻ ബ്യൂറോ കളമശ്ശേരി നഗരസഭയിൽ നടത്തിയ അന്വേഷണത്തിൽ കളമശ്ശേരി നഗരസഭയിലെ ടി അനധികൃതനിർമ്മാണം നിർത്തിവയ്ക്കുന്നതിന് 17.02.2017ൽ നഗരസഭാധികാരികൾ നോട്ടീസ് നൽകിയതല്ലാതെ യാതൊരു തുടർനടപടികളും സ്വീകരിച്ചിട്ടില്ലാത്തതിനാൽ ആയതിന് ഉത്തരവാദിയായി കണ്ടെത്തിയ സെക്ഷൻ ക്ലർക്ക് ശ്രീമതി. ലൈലയ്ക്കും മറ്റ് എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥർക്കെതിരെയും നടപടിക്ക് ശുപാർശ ചെയ്തിരുന്നത്.

4. ശ്രീമതി.മേരി ജോസഫിന്റെ പരാതിയിൽ പരാമർശിക്കുന്ന നിർമ്മാണത്തിന് ബി.എ 15/16 നമ്പർ ഫയൽ പ്രകാരം ശ്രീമതി സുഹറ ഇ എ. എന്നയാൾക്കാണ് പെർമിറ്റ് നൽകിയിട്ടുള്ളതെന്നും ശ്രീമതി.മേരി ജോസഫിന്റെ 05.02.2017ലെ പരാതിയുടെ അടിസ്ഥാനത്തിൽ മുനിസിഫ് കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ ടി കെട്ടിടനിർമ്മാണം നിർത്തി വയ്ക്കുന്നതിന് 17.02.2017ൽ നഗരസഭാസെക്രട്ടറി നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും പിന്നീട് നടത്തിയ സ്ഥലപരിശോധനയിൽ സെക്രട്ടറിയുടെ നോട്ടീസിനെ അവഗണിച്ച് ടി സ്ഥലത്ത് നിർമ്മാണപ്രവർത്തനം നടന്നുവരുന്നതായി രണ്ടാം ഗ്രേഡ് പബ്ലിക് ഓവർസീയർ റിപ്പോർട്ട് ചെയ്തതായും തുടർന്ന് പോലീസ് സൂപ്രണ്ടിന് പരാതി നൽകുകയും ടി വിഷയം സംബന്ധിച്ച് ജില്ലാ കളക്ടർക്ക് 27.03.2017ന് കത്ത് നൽകുകയും ടി

ഫയലിൽ പിന്നീട് നടപടി സ്വീകരിച്ചിരിക്കുന്നത് 30.05.2017ൽ ആണെന്നും കൊച്ചി മേഖലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിൽ പറയുന്നു.

5. കളമശ്ശേരി നഗരസഭാ സെക്രട്ടറിയുടെ പ്രസ്തുത വിഷയത്തിന്മേലുള്ള റിപ്പോർട്ടിൽ 17.02.2017 മുതൽ 01.05.2017 വരെ റ്റിപി 1 സെക്ഷന്റെ ചുമതല ശ്രീമതി. സതി വി - യ്ക്കായിരുന്നുവെന്നും 02.05.2017 മുതലാണ് ടി സെക്ഷന്റെ അധികച്ചുമതല ശ്രീമതി. പി.എ ലൈലക്ക് ലഭിച്ചതെന്നും പിന്നീട് ഈ വിഷയത്തിൽ നടപടി സ്വീകരിച്ചിരിക്കുന്നത് 30.05.2017ൽ ശ്രീമതി. ലൈല ടി സെക്ഷന്റെ അധികച്ചുമതല ഏറ്റെടുത്ത ശേഷമാണെന്നും റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു. ശ്രീമതി. പി.എ ലൈല റ്റിപി 2 സെക്ഷന്റെ ക്ലാർക്കായി സേവനമനുഷ്ഠിച്ചിരുന്ന കാലയളവിലാണ് ടിയാരിക്ക് 02.05.2017മുതൽ റ്റിപി 1 സെക്ഷന്റെ അധികച്ചുമതല ലഭിച്ചിരുന്നതെന്ന ടിയാരിയുടെ മറുപടിയിലും സെക്രട്ടറിയുടെ റിപ്പോർട്ടിലും വ്യക്തമാക്കിയിരിക്കുന്നതായും റ്റിപി 1 സെക്ഷന്റെ അധികച്ചുമതല ഏറ്റെടുത്ത ശേഷം അധികം കാലതാമസമില്ലാതെതന്നെ (30.05.2017ൽ) പ്രസ്തുത വിഷയത്തിന്മേൽ തുടർനടപടി സ്വീകരിച്ചിട്ടുള്ളതായി കാണുന്നതിനാലും ശ്രീമതി. പി.എ ലൈലയെ തുടർനടപടികളിൽ നിന്ന് ഒഴിവാക്കാവുന്നതാണെന്ന് കൊച്ചി നഗരകാര്യമേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നതായും, കൊച്ചി നഗരകാര്യമേഖലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിലും ടിയാരിയുടെ മറുപടിയുടെ അടിസ്ഥാനത്തിലും ശ്രീമതി. പി.എ ലൈലയ്ക്കെതിരായി ആരംഭിച്ച അച്ചടക്കനടപടികൾ അവസാനിപ്പിക്കാവുന്നതാണെന്ന് നഗരകാര്യഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

6. സർക്കാർ ഇക്കാര്യം, വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപണമെമ്മോ/പത്രിക-യ്ക്ക് ശ്രീമതി. ലൈല സമർപ്പിച്ച മറുപടി, നഗരകാര്യഡയറക്ടറുടെ ശുപാർശ എന്നിവ പ്രകാരം പരിശോധിച്ചതിൽ വിജിലൻസ് റിപ്പോർട്ട് പ്രകാരമുള്ള ആരോപണങ്ങളിൽ ശ്രീമതി. പി.എ ലൈല യുടെ ഭാഗത്ത് നിന്നും വീഴ്ചയുണ്ടായതായി കാണുന്നില്ല. മേൽ സാഹചര്യത്തിൽ വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ കളമശ്ശേരിനഗരസഭയിലെ സെക്ഷൻ ക്ലർക്ക്, ശ്രീമതി. ലൈല.പി.എ.യ്ക്കെതിരായി ആരംഭിച്ച അച്ചടക്കനടപടിയിൽ തുടർനടപടികൾ അവസാനിപ്പിച്ച് അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
ശ്രീമതി. ലൈല.പി.എ., സെക്ഷൻ ക്ലർക്ക്, കളമശ്ശേരി നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 26-10-2023 10:07:20
സെക്ഷൻ ഓഫീസർ